# പരാതിയില്ലാതെ പരാതി കേട്ട് അതിവേഗം മുന്നോട്ട്

## ● പണിമുടക്കു ദിനത്തിലും ആയിരങ്ങൾ ഒഴുകിയെത്തി

പി.ജിബിൻ

**കോഴിക്കോട്:** പരാതികളുമായെത്തിയ ആയിരങ്ങൾക്കൊപ്പം ജനകീയനായി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. സംസ്ഥാനതല ജനസമ്പർക്ക പരിപാടിക്കു തുടക്കംകുറിച്ചുകൊണ്ട് കോഴിക്കോട്ടു വിശ്രമമില്ലാതെ പരാതികൾ പരിഹരിക്കുകയായിരുന്നു അദ്ദേഹം. രാവിലെ പത്തോടെ ആരംഭിച്ച യജ്ഞം രാത്രി വൈകിയും തുടർന്നു. എല്ലാവരുടെയും ആവലാതികൾ കേട്ടു പരാതികൾ നേരിട്ടു സ്വീകരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഇടതുപക്ഷസംഘടനകൾ ആഹ്വാനം ചെയ്ത വാഹന പണിമുടക്ക് വകവയ്ക്കാതെ ആയിരങ്ങളാണു പരാതി നല്കാനെത്തിയത്. ആയിരത്തോളം പേർക്കുള്ള പട്ടയവിതരണവും 24 പട്ടികവർഗ വിദ്യാർഥികൾക്കുള്ള ലാപ്ടോപ് വിതരണവും മുഖ്യമന്ത്രി നിർവഹിച്ചു.

കിടപ്പിലായ രോഗികളുടെ പരാതി സ്വീകരിക്കാൻ വേദിയിൽ നിന്നിറങ്ങിയ അദ്ദേഹം അവരുടെ പരാതി കേൾക്കുകയും പരിഹാരം അപ്പോൾത്തന്നെ നിർദേശിക്കുകയും ചെയ്തു. പരാതികളുടെ തുടർനടപടിക്കു ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു നിർദേശവും നല്കി.

ശ്വാസകോശസംബന്ധമായ അസുഖം ബാധിച്ച കൂത്തുപറമ്പ് കുളപ്പുറത്ത് താഴം ദയാനന്ദൻ(59) ഓക്സിജൻ സാന്ദ്രത നിയന്ത്രിക്കുന്ന കോൺസൻട്രേറ്റർ എന്ന ഉപകരണം സഹിതമാണ് ജനസമ്പർക്ക പരിപാടിയിൽ പരാതിയുമായെത്തിയത്. മകൾ ധന്യയും മകൻ ധനേഷും ഒപ്പമുണ്ടായിരുന്നു. ദയാനന്ദന്റെ അടുത്തേക്കിറങ്ങിച്ചെന്നാണു മുഖ്യമന്ത്രി പരാതി കേട്ടത്.

ഇന്റർസ്റ്റീഷ്യൽ ലംഗ് ഡിസീസ് (ഐഎൽഡി) അസുഖബാധിതനായ ഇദ്ദേഹത്തിനു മരുന്നിനു മാത്രം പ്രതിമാസം പതിനായിരത്തോളം രൂപ ചെലവാകുന്നുണ്ട്. കോൺസൻട്രേറ്റർ പ്രവർത്തിപ്പിക്കാനായി മാസം തോറും രണ്ടായിരത്തോളം രൂപ കറന്റ് ചാർജ് അടയ്ക്കേണ്ടിവരുന്ന സാഹചര്യവും ദയാനന്ദൻ ഉമ്മൻ ചാണ്ടിയുടെ ശ്രദ്ധയിൽപ്പെടുത്തി. മരുന്നിന്റെ ചെലവിനായി ആശാകിരൺ പദ്ധതിയിൽനിന്നു പണം അനുവദിക്കാമെന്നും കറന്റ് ചാർജിന്റെ കാര്യം കെഎസ്ഇബി അധികൃതർ പരിഗണിച്ചില്ലെങ്കിൽ മുഖ്യമന്ത്രിയുടെ സ്വന്തം ഫണ്ടിൽനിന്നു തുക അനുവദിക്കാമെന്നും മുഖ്യമന്ത്രി ഉറപ്പു നല്കി. ഏറെ ആശ്വാസത്തോടെയാണു ദയാനന്ദനും കുടുംബവും മടങ്ങിയത്.

ധനസഹായം, സ്വന്തമായൊരു വീട്, പഠനസഹായം തുടങ്ങി നിരവധി ആവശ്യങ്ങളുമായാണു പലരും മുഖ്യമന്ത്രിയെ കാണാനെത്തിയത്. എല്ലാ പരാതികളും വിശദമായി കേൾക്കാൻ മുഖ്യമന്ത്രി സമയം കണ്ടെത്തി. പരാതിക്കാരായെത്തിയ സ്ത്രീകൾ പൊട്ടിക്കരയുന്നതും പരാതി പരിഹരിച്ചു മുഖ്യമന്ത്രി ആശ്വസിപ്പിക്കുന്നതും ജനസമ്പർക്കപരിപാടിയിലെ വേറിട്ട കാഴ്ചയായി.

പണിമുടക്കു കാരണം ഇന്നലെ എത്താൻ കഴിയാത്തവർക്കായി ഈ മാസം ഒമ്പതിനു പരാതി നല്കാൻ അവസരമുണ്ടെന്നും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അറിയിച്ചു. വിവിധ വകുപ്പുകളെ തരംതിരിച്ചു പരാതി നല്കാൻ ഏഴു കൗണ്ടറുകളാണു പരിപാടി നടന്ന ക്രിസ്ത്യൻ കോളജ് ഗ്രൗണ്ടിൽ സജ്ജീകരിച്ചിരുന്നത്.

ജനസമ്പർക്ക പരിപാടിയുടെ പ്രചാരണത്തിനായി സർക്കാർ ഓഫീസുകളെല്ലാം നടപടി സ്വീകരിച്ചിരുന്നു. എല്ലാ ഓഫീസുകളിലും പരാതികളും അപേക്ഷകളും നിക്ഷേപിക്കാനായി പെട്ടികൾ സ്ഥാപിച്ചിരുന്നു. ജില്ലയിലെ 108 വില്ലേജ് ഓഫീസുകളിലും മറ്റു സർക്കാർ ഓഫീസുകളിലും മുഖ്യമന്ത്രിക്കുള്ള പരാതികളും അപേക്ഷകളും സ്വീകരിച്ചിരുന്നു.

7,000 പരാതികളാണു കഴിഞ്ഞ ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരുന്നത്. ആയിരത്തിലധികം പരാതികളാണു മുഖ്യമന്ത്രി നേരിട്ടു സ്വീകരിച്ചത്. വേദിയിൽനിന്നു തന്നെ നിരവധി പരാതികൾക്കു പരിഹാരമുണ്ടാക്കി.